

ലിറ്റിൽ കൈറ്റ്സ് മാഗസിൻ
വിൻഡോ.കോം.
2019-2020



# ആശംസ

എൽ.എം.എസ്. എച്ച്.എസ്സ്.എസ്സ്.ചെമ്പൂര് ഹയർ സ്കൂളിലെ ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികൾ ഒരു ഇ-മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. സ്കൂളിന് അഭിമാനമായ ഈ പ്രവർത്തനം കൂടുതൽ മികവിലേയ്ക്കെത്തട്ടെ എന്ന് ഞാനാശംസിക്കുന്നു. ഇതിനു പിന്നിൽ അധ്വാനിച്ച വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഹൃദയം നിറഞ്ഞ ആശംസകൾ!!!!

**സുഹിത കുമാരി എം.കെ**

**ഹെഡ് മിസ്ട്രസ്സ്**





# ആശംസ

സി.എസ്.ഐ.ദക്ഷിണ കേരള മഹായിടവക കോർപ്പറേറ്റ് മാനേജമെന്റ് സ്കൂളുകളിൽ മികവ് പുലർത്തുന്ന സ്കൂളിലെ പുതിയസംരംഭത്തിന് വർത്തമാന കാലഘട്ടത്തിൽ ഏറെ പ്രസക്തിയുണ്ട്. നൂതന സാങ്കേതിക വിദ്യാലോകത്തേക്ക് വിദ്യാർത്ഥികളെ കൈപിടിച്ച് ഉയർത്താൻ ചെമ്പൂര് എൽ.എം.എസ്. ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റിന്റെ പ്രവർത്തനങ്ങൾക്ക് കഴിയട്ടെ.

എല്ലാവിധ ഭാവുകങ്ങളും നേരുന്നു....



**സജീവ്.എസ്**

**പ്രിൻസിപ്പാൾ**

# ആശംസ

**എൽ .എംഎൽ.എം.എസ്. ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഇ-മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷിക്കുന്നു.**

**കുട്ടികളുടെ ഇത്തരത്തിലുള്ള സ്വർഗ്ഗവാസനയ്ക്ക് ഇന്ന് സമൂഹത്തിൽ ഏറെ പ്രസക്തിയുണ്ട് . ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പി.ടി.എ.യുടെ പേരിലുള്ള എല്ലാവിധ ആശംസകളും നേരുന്നു.....**

"നന്മ വരട്ടെ"



സ്റ്റാൻലി

പി.ടി.എ.പ്രസിഡന്റ്

# ആശംസ

പുത്തൻ സാങ്കേതിക വിദ്യയുടെ ഫലമായി ക്ളാസ്സമുറികൾ ഹൈടെക് ക്ളാസ്സ് മുറികളായി മാറികൊണ്ടിരിക്കുന്നു. ഈ മാറ്റത്തിനൊത്ത് പുതിയതലമുറയുടെ വളർച്ച ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ.ടി. കൂട്ടായ്മയിലൂടെ കഴിയുന്നു എന്നതിൽ അഭിമാനമുണ്ട്. വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ തൊട്ടുണർത്തുന്ന E മാഗസിൻ നമ്മുടെ സ്കൂളിന് അഭിമാനമാണ്. ഇതിനുപിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ആശംസകൾ നേർന്നുകൊണ്ട്....



വിനയത്തോടെ
ചീഫ് എഡിറ്റർ
അപർണ.എ.എസ്

# എഡിറ്റോറിയൽ ബോർഡ്

ജിഷാഷാബു (ചെയർമാൻ) 9C
അപർണ.എ.എസ്(എഡിറ്റർ) 9C
ആനി .എസ് 9B
അനിജ.ജെ.വി 9B
ആർഷ.എം.ബി 9B

# ലിറ്റിൽ കൈറ്റ്സ് മാസ്റ്റേഴ്സ്

നിഷാറാണി.ജി.പി
ഫാൻസിലത.എസ്
ഷീജ.ടി.എൽ(SITC)




# ആശംസ

ഈ സ്കൂളിലെ കുരുന്നുകൾക്ക് വിൻഡോ.കോമിലൂടെ സർഗ്ഗവാസനകൾ തുറന്നുകാട്ടാൻ കഴിഞ്ഞതിൽ അഭിമാനിക്കുന്നു.ഹൈടെക് യുഗത്തിൽ ഇനിയും ഉയരങ്ങളിൽ പറക്കട്ടെയെന്ന് ആശംസിക്കുന്നു.

ഷീജ.റ്റി.എൽ(SITC)

ഫാൻസി ലത



നിഷാ റാണി

ഗാനം

# പുതുസൃഷ്ടികളാകാം

മനസ്സിൽ കളങ്കമില്ലെങ്കിൽ മാത്രം
മനസ്സിൽ ദൈവം വസിക്കും
മനസ്സിൽ ദൈമുണ്ടെങ്കിൽ മാത്രം
സ്നേഹം നമ്മിൽ ജ്വലിച്ച

സത്യവും നീതിയും നമ്മില്ലില്ലെങ്കിൽ
നിത്യദുഖിതരായ് മാറും
വ്യർത്ഥ മോഹങ്ങളെ വിട്ടീടും മാനസം
നിത്യതയിൽ ശാന്തി നേടാൻ

സ്നേഹവും താഴ്മയും നമ്മിലില്ലെങ്കിൽ
സ്നേഹിക്കുമോ നമ്മെ ദൈവം
ഗർവ്വമഹാഭാവം ഉള്ളിലുണ്ടെങ്കിലോ
മാർവ്വോടണക്കില്ല ദൈവം.



ഗാനം

# മണ്ണിലെ ജീവിതം



കനലിന്നരുണ ശോഭയിൽ
എരിയും നറുപീലിപോൽ
കൊഴിയുന്ന കണ്ണനീർത്തുള്ളികൾ
വിതുമ്പുന്ന ജീവിതം മണ്ണിൽ

അറിയുന്ന നാഥാ ഞാൻ നിന്നെ
താങ്ങേണമേ എന്നുമെന്നെ
തണലായി മാറേണമെനിക്കും
കാലിടറാതെ നിലനിന്നിടാൻ

ഉരുകുന്ന കനലിൽ ഞാനും
നിനവിൽ നിറയ്ക്കട്ടെ നിന്നെ
എൻ ഓർമ്മതൻ തീരത്ത്

-- കഥ --

# അമ്മു

പ്രശാന്ത സുന്ദരമായ ഒരു ഗ്രാമം. ആ ഗ്രാമത്തിലെ ഒരു കൊച്ചുവീട്ടിലായിരുന്നു അമ്മു എന്ന പത്തുവയസ്സുകാരി താമസിച്ചിരുന്നത്. നല്ല അച്ചടക്കവും അനുസരണയുമുള്ള ഒരു സുന്ദരിയായ പെൺകുട്ടിയായിരുന്നു അമ്മു. അവൾ തോമസിന്റെയും സാറാമ്മയുടെയും ഒരേ ഒരു മകളായിരുന്നു. അച്ഛൻ തോമസ് തികഞ്ഞ മദ്യപാനിയായിരുന്നു. അമ്മ സാറാമ്മ അമ്മുവിനോട് ഒരു സ്നേഹവുമില്ലാത്ത ദുഷ്ടസ്ത്രീയായിരുന്നു. അവളുടെ വീട്ടിലെ സാഹചര്യം ഇങ്ങനെ ആയതുകൊണ്ട് അവൾ പഠിക്കാൻ മോശമായിരുന്നു. എന്നാലും അവൾ എല്ലാവരോടും പറയുന്നത് അവൾക്ക് ഒരു ഡോക്ടറാകണമെന്നായിരുന്നു. ഇത് കേൾക്കുന്നവരൊക്കെ അവളെ കളിയാക്കുകയും ചെയ്തിരുന്നു.

അമ്മുവിന്റെ സങ്കടങ്ങൾ കേൾക്കിവാനായിട്ട് ആരും തന്നെയില്ലായിരുന്നു. അതുകൊണ്ട് അവൾ ദൈവത്തോട് സങ്കടം പറയുകയും എല്ലാദിവസവും "എന്നെ ഒരു ഡോക്ടറാക്കണേയെന്ന് പ്രാർത്ഥിച്ചിരുന്നു.പണ്ടൊരിക്കൽ അമ്മു മൂന്നാം ക്ലാസിൽ പഠിക്കുമ്പോഴാണ് അദ്യമായി ദിവ്യ എന്ന കണക്ക് ടീച്ചറിനെ കാണുന്നത്. അമ്മുവിന് പഠിപ്പിക്കാൻ ടീച്ചർ ഇല്ലായിരുന്നുവെങ്കിലും അവൾക്ക് ടീച്ചറിനെ വലിയ ഇഷ്ടമാണ്.എന്നെങ്കിലും ദിവ്യ ടീച്ചർ പഠിപ്പിക്കാൻ ഉണ്ടായിരുന്നുവെങ്കിൽ എന്ന് അവൾ അഗ്രഹിച്ചു.അങ്ങനെ ഒരു ദിവസം അമ്മുവിന്റെ ആഗ്രഹം സഫലമായി. ദിവ്യ ടീച്ചർ അഞ്ചാം ക്ലാസിൽ മാത്സ് പഠിപ്പിക്കാൻ

**ഉണ്ടായിരുന്നു. അമ്മുവിന് വലിയ സന്തോഷമായി. അമ്മുവിന് മാക്സ് പഠിക്കുവാൻ നല്ല താത്പര്യം തോന്നി. അവൾ മറ്റ് വിഷയങ്ങളിൽ ശ്രദ്ധിക്കുന്നില്ല എങ്കിലും മാത്സ് ക്ലാസിൽ നന്നായി ശ്രദ്ധിച്ചിരുന്നു. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം ചെയ്യാനും സാധിച്ചിരുന്നു. ദിവ്യ ടീച്ചർ അമ്മുവിനെ നന്നായിട്ട് സപ്പോട്ട് ചെയ്തിരുന്നു.**

ശമുവേൽ 9B



***---കവിത---***

# പുൽവാമയിലെ ധീരപുത്രന്മാർ



**ധീരനായ് പിറന്നവൻ**
**ധീരരായുതിർത്തവൻ**
**ധീതയിൻ മണ്ണിൽ വീണ**
**ധീരപുത്രരാണവർ**
**അവരാണ താരകൾ**
**പ്രകാശോജ്ജ്വല കിരണ**
**തേജസ്സിൽ നിറഞ്ഞവർ**
**വിവേകികൾ,വീരപുത്രർ**
**സൂര്യന സമമാണവർ**
**അണയില്ലൊരിക്കലും**
**അഗ്നിയാണവർ**
**അന്ധകാരത്തിലും**
**കത്തുന്ന തീ പോൽ**
**ജ്വലിച്ചവർ. അവർ സ്വപ്നങ്ങൾ**
**പോലും വെറുത്തവർ അവർ**
**ജീവിതം ജനങ്ങൾക്ക്**
**ഉഴിഞ്ഞു വച്ചവർ**
**മിത്രങ്ങളായി മാറിയീ രാജ്യത്തിനു**
**സേവനം മാത്രം ബാക്കിയാക്കി**
**അകന്നു പോകയായി**
**അന്നൊരു നാളിൽ**
**പുൽവാമ നഗരിയിൽ വീണ**
**ചോരത്തുള്ളികൾ**
**പുണ്യത്തിൻ പ്രതീകങ്ങൾ അല്ലോ?**
**പരിശുദ്ധിതൻ സൂചനയല്ലോ?**

ധീരരെ നിങ്ങളെ
ധീരതയുടെ ചിഹ്നമായി
കാണുന്നു ഞങ്ങൾ
ധീരയോദ്ധാക്കളെ
വീരമൃത്യുക്കളെ

ധീര ജവാന്മാർക്കായി
ഒരായിരം പൂച്ചെണ്ടുകൾ
ഒരായിരം ശാന്തി ദീപങ്ങൾ
തെളിക്കുന്നു ഞങ്ങൾ ഇതാ
രാജ്യത്തെ നെഞ്ചിൽ ചേർത്തവർ
ജീവൻറെ വില മറന്നവർ
ജീവൻറെ ഓരോ തുടിപ്പിലും
രാജ്യത്തിനായി പോരാടിയവർ
വീരമൃത്യു വരിച്ചവർ
വീരസ്വർഗ്ഗം ലഭിച്ചവർ

സനീഷ് എസ് എസ് 10B



*-കവിത-*

# എന്റെ അമ്മയിന്ന് എവിടെപ്പോയി

**അമ്മയെന്ന രണ്ടക്ഷരം ചൊല്ലിപഠിപ്പിച്ച**
**എൻ അമ്മയിന്ന് എങ്ങുപോയി?**
**സ്നേഹത്തിൻ പൂമൊട്ടുകൾ വാരിത്തന്ന്**
**അമ്മയെന്ന രണ്ടക്ഷരം ചൊല്ലിപഠിപ്പിച്ച**
**എൻ അമ്മയിന്ന് എങ്ങുപോയി?**
**സ്നേഹത്തിൻ പൂമൊട്ടുകൾ വാരിത്തന്ന്**
**ദുഃഖത്തിൻ പൂക്കൾ വിതറി അമ്മയിന്നെങ്ങുപോയി?**
**മഴയൊന്ന് നനയുമ്പോൾ കുടയായി നിന്ന**
**എൻ അമ്മയിന്ന് എങ്ങുപോയി**
**എൻ അമ്മയില്ലെന്ന് ഞാൻ**
**എന്റെ ഹൃദയത്തിൽ സൂക്ഷിച്ച ദൈവം മറഞ്ഞുപോയതുപോലെ**
**അത് അന്നും ഇന്നും ഓർത്ത് മനസ്സിൽ**
**ആഴം നിറഞ്ഞ മുറിവുപോൽ നീറുന്നുണ്ട്**
**ഇന്നുമെൻ മുന്നിലുണ്ട്.**

**പ്രിൻസി 8C**



*കഥ*

# നന്മയുള്ള മനസ്സ്

അമ്മു അന്നും ക്ലാസ്സ്മുറിയിൽ ഒറ്റയ്ക്ക് ആയിരുന്നു.ബാക്കി കുട്ടികൾ എല്ലാപേരും പുറത്തിരുന്ന് ഉച്ചഭക്ഷണം കഴിക്കുകയാണ്.അമ്മുവിന്റെ വീട്ടിൽമാത്രം ഭക്ഷണം ഉണ്ടാക്കാറില്ല.കാരണം അവളുടെ വീട്ടിൽ ഭക്ഷണം ഉണ്ടാക്കാനുള്ള സാധനങ്ങളൊന്നും തന്നെ ഇല്ലായിരുന്നു.എന്നും അവളുടെ അമ്മ അടുത്ത വീട്ടിൽപോയി പണിയെടുത്തുകിട്ടുന്ന വരുമാനംകൊണ്ടാണ് അമ്മുവിനെ പഠിപ്പിപ്പിക്കുന്നത്.അവിടുന്നുകിട്ടുന്ന തലേദിവസത്തെതും മിച്ചം വന്നതുമായ ഭക്ഷണം കൊണ്ടുവന്നാണ് അവർ പട്ടിണി മാറ്റിയിരുന്നത്.

അങ്ങനെ ഒരു ദിവസം അമ്മു സ്കൂളിലെക്ക് നടക്കുകയായിരുന്നു.അന്നും അവൾ രാവിലെ ഒന്നും കഴിച്ചിട്ടില്ലായിരുന്നു.തലേദിവസം അമ്മ കൊണ്ടുവന്ന ഇത്തിരി ഭക്ഷണം അവൾ ഒരു ചെറിയ പാത്രത്തിലാക്കി എടുത്തിരുന്നു.അങ്ങനെ അവൾ റോഡരികിലൂടെ നടക്കുമ്പോൾ അവൾ ഒരു കാഴ്ച കണ്ടു.റോഡരികിൽ ഇരുന്നു ഭിക്ഷ യാചിക്കുന്ന ഒരു വൃദ്ധ.അവർ നന്നേ ക്ഷീണിതയായിരുന്നു.അവൾ അവരുടെ അടുത്തെക്കുപോയി കാര്യം തിരക്കി.അവർ ഉത്തരം പറയുന്നതിനു മുമ്പുതന്നെ കണ്ണുനീർ ധാരയായി ഒഴുകാൻ തുടങ്ങി.എന്നിട്ട് ഇടറിയ ശബ്ദത്തോടെ പറഞ്ഞു:'മോളേ ഭക്ഷണം കഴിച്ചിട്ട് രണ്ടു ദിവസമായി.തീരെ വയ്യ.ഇത്തിരി വെള്ളമെങ്കിലും കിട്ടിയിരുന്നെങ്കിലും വലിയ ഉപകാരമായിരുന്നു.'അവരുടെ ചോദ്യംകേട്ട് അമ്മു ദയയോടെ അവരെ നോക്കിയശേഷം കൈയിലിരുന്ന ചോറ്റുപാത്രം അവർക്കുനേരെ നീട്ടി.അവർ അതുവാങ്ങി ആർത്തിയോടെ കഴിക്കാൻ തുടങ്ങി.അടുത്തു കണ്ട പൈപ്പിൽനിന്ന് വെള്ളമെടുത്ത് കുടിക്കാനും കൊടുത്തു.ഭക്ഷണം കഴിച്ചുകഴിഞ്ഞപ്പോൾ തന്നെ അമ്മുവിന്റെ

വിശപ്പുപോയി.അവർ തൊഴുകൈയോടെ അമ്മുവിനെ നോക്കി പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു:'ദൈവം മോളെ അനുഗ്രഹിക്കട്ടെ.'എന്നിട്ട് പതുക്കെ അവിടെനിന്ന് അവർ നടന്നകലുന്നതും നോക്കി അമ്മു കുറേ നേരം നിന്നു എന്നിട്ട് പൈപ്പിനരികിൽ ചെന്ന് വെള്ളം കുടിച്ച് വിശപ്പടക്കി അവൾ ആ വൃദ്ധയെ സഹായിച്ച സംതൃപ്തിയോടെ ക്ലാസ്സിലേക്ക് ഓടി.

<u>ഗുണപാഠം</u>

നമ്മളാൽ കഴിയുന്ന ഉപകാരം നാം മറ്റുള്ളവർക്കു ചെയ്തുകൊടുക്കുമ്പോഴാണ് നാം നന്മയുള്ള മനസ്സിന് ഉടമയായി തീരുന്നത്.

ശ്രുതി.എസ് .ആർ 10A



*ലേഖനം*


# പരസ്പര സ്നേഹവും പനിനീർപ്പൂവിന്റെ സുഗന്ധവും

1953 മെയ് 29, അന്നാണ് ലോകത്തിലെ വലിയ പർവതമായ എവറസ്റ്റിന്റെ നെറുകയിൽ മനുഷ്യന്റെ പാദങ്ങൾ പതിഞ്ഞത്. നേപ്പാളിന്റെ ഗർഭപാത്രത്തിൽ പിറന്നെങ്കിലും ഇന്ത്യയുടെ മടിത്തട്ടിൽ വളർന്ന ഷേർപ്പ വംശജനായ ടെൻസിംഗ് നോർഗെയും ന്യൂസിലാന്റുകാരനായ സർ എഡ്മണ്ട് ഹിലാരിയുടെയും പാദമുദ്രകളാണ് എവറസ്റ്റിന്റെ ശിരസ്സിൽ പതിഞ്ഞത്. ലോകചരിത്രത്തിലെ അതിസാഹസികരുടെ പട്ടികയിൽ അന്ന് ടെൻസിംഗ് നോർഗയുടെയും സർ എഡ്മണ്ട്ഹിലാരിയുടെയും പേര് എഴുതിചേർക്കപ്പെട്ടു.

ടെൻസിംഗ് സ്വപ്നത്തിൽ എന്നും സമ്പന്നനും ജീവിതചുറ്റുപാടുകളിൽ എന്നും ദരിദ്രനുമായിരുന്നു. എവറസ്റ്റ് കീഴടക്കി കഴിഞ്ഞതിനുശേഷം സർ എഡ്മണ്ട് ഹിലാരിക്കു ലഭിച്ച അത്രയും സ്വീകരണങ്ങളോ പ്രശസ്തിയോ ടെൻസിംഗിനെ തേടിവന്നില്ല. വിദ്യാഭ്യാസ പരമായും ടെൻസിംഗ് പിന്നോക്കാവസ്ഥയിലായിരുന്നു. അത് അദ്ദേഹത്തിന്റെ മാത്രം പ്രശ്നമായിരുന്നില്ല. അദ്ദേഹത്തിന്റെ ഷേർപ്പാസമൂഹം പർവത സാനുക്കളിൽ പാർക്കുന്നവരായിരുന്നു. അവർക്ക് അറിവുനേടാൻ സ്കൂളുകളോ രോഗം വന്നാൽ സൗഖ്യം നേടാൻ ആശുപത്രികളോ ഉണ്ടായിരുന്നില്ല. എവറസ്റ്റ് വിജയത്തിനു ശേഷം ഇംഗ്ലണ്ടിലെ എലിസബത്ത് രാജ്ഞി ബെക്കിംഗ് ഹാം കൊട്ടാരത്തിലേക്ക് ടെൻസിംഗിനെയും എഡ്മണ്ട് ഹിലാരിയെയും അനുമോദന വിരുന്നിനു ക്ഷണിച്ചു. ടെൻസിംഗിന്റെ വീട്ടിൽ അന്നും ദാരിദ്രം കൂടെപാർക്കുകയായിരുന്നു. ഇംഗ്ലണ്ടിലെ രാജ്ഞിയുടെ കൊട്ടാരത്തിലേക്കു കടന്നുചെല്ലുമ്പോൾ ധരിക്കാൻ ഒരു നല്ല വസ്ത്രംപോലും ടെൻസിംഗിനില്ലായിരുന്നു. ടെൻസ്യിംഗിന്റെ വീരഗാഥകൾ വാഴ്ത്തിപാടിയവർ പോലും അതൊന്നും ശ്രദ്ധിച്ചിരുന്നില്ല.

എന്നാൽ ടെൻസിംഗിനെയും ടെൻസിംഗിന്റെ വേദനകളെയും അറിഞ്ഞ ഒരു മനുഷ്യനുണ്ടായിരുന്നു. അത് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ആയിരുന്നു. ബ്രിട്ടീഷ് രാജ്ഞിയുടെ ക്ഷണപ്രകാരം ഇംഗ്ലണ്ടിലേക്ക് ധരിച്ചുകൊണ്ടുപോകാൻ നല്ല വസ്ത്രം ഇല്ലാത്തതിനാൽ ടെൻസിംഗ് ആ ക്ഷണം സ്വീകരിക്കാൻ മടിച്ചു. ഇതറിഞ്ഞ ജവഹർലാൽനെഹ്റു ടെൻസിംഗിനെ തന്റെ വീട്ടിൽ വിളിപ്പിച്ചു. നെഹ്റു തന്റെ പിതാവിന്റെ വസ്ത്രം വരെ ടെൻസിംഗിനു നൽകി. അതിൽ നിന്ന് ടെൻസിംഗിനു ഇഷ്ടപ്പെട്ട വസ്ത്രം ധരിച്ചുകൊണ്ട് ടെൻസിംഗ് രാജ്ഞിയുടെ കൊട്ടാരത്തിലെത്തി. പനിനീർ പൂക്കളെ വളരെയധികം സ്നേഹിച്ച് എല്ലായ്പ്പോഴും തന്റെ വസ്ത്രത്തിൽ പനിനീർപ്പൂക്കൾ കുത്തിവയ്ക്കുമായിരുന്ന നെഹ്റുവിന്റെ വസ്ത്രം ധരിച്ച് ആ കൊട്ടാരവിരുന്നിൽ പങ്കെടുത്ത ടെന്സിംഗിന് അപ്പോൾ നെഹ്റുവിന്റെ സ്നേഹത്തിന്റെ പനിനീർപ്പൂ മണമുണ്ടായിരുന്നു.

ഭാവിഭാരതത്തിന്റെ പ്രതീക്ഷ കുട്ടികളാണെന്ന് പ്രഖ്യാപിക്കുകയും പനിനീർപ്പൂക്കളിലുമധികം കുട്ടികളെ സ്നേഹിച്ച ഒരു മനുഷ്യനാണ് ജവഹർലാൽ നെഹ്റു എന്ന ചാച്ചാജി. ഇന്നത്തെ കുട്ടികളിലൂടെ നാളത്തെ ഭാരതത്തിന്റെ സുന്ദരമായ സ്വപ്നങ്ങൾ സാക്ഷാത്കരിക്കട്ടെ.




അപർണ.എ.എസ്
9C

*കവിത*

# പ്രത്യാശദീപം



നിറയുന്ന നക്ഷത്രമുള്ള രാത്രി
എൻ അമ്മ എന്നോട് ചൊല്ലി
നീറും മനസ്സിന്റെ വെമ്പൽ
മറക്കല്ലേ-സ്നേഹത്തിൻ
പരിശുദ്ധിയും

ജന്മങ്ങൾ സിദ്ധിക്കു ഈ മല
നാട്ടിൽ എന്തേ ഞാൻ വന്നുപെട്ടു?
ഈ ലോകം മാറുന്നു എന്റെ അമ്മേ
ഈ ലോകം മാറുന്നു.......

മക്കളേ അമ്മയുടെ ഉപദേശം മറക്കല്ലേ
എന്നും വേദഗ്രന്ഥം ചൊല്ലി
ബഹുമാനവും സ്നേഹതേജസ്സും
ഈ ലോക മർത്യനെന്നും വേണം
സ്നേഹമോഹങ്ങളിൽ
ഈ ലോകം പരിപൂർണ്ണമായി
മാറുന്നു എന്റെ അമ്മേ
മർത്യലോകത്തിനു സ്നേഹ
നിറകുടമാകുവാൻ ഞാൻ കൊതിപ്പൂ......
സ്നേഹ സത്യസന്ധത അനുസരണങ്ങളും
മർത്യനു വേണമെന്നും.

കീർത്തന.എസ് 9C

*--ലേഖനം--*

# മദ്യത്തിനും മയക്കമരുന്നിനും അടിമയാകുന്ന യുവതലമുറ

ജീവിതം മനോഹരമാണ് വിലപ്പെട്ടതാണ്. അനുഗ്രഹിക്കപ്പെട്ടതാണ്. അറിഞ്ഞു കൊണ്ട് ആരെങ്കിലും ഈ ജീവൻ ചെകുത്താൻ കുട്ടിലേക്ക് എറിയുമോ? നിങ്ങൾ ചിന്തിക്കുക.മദ്യത്തിനും,മയക്കമരുന്നിനും അടിമപ്പെട്ട് എത്രയെത്ര ബാല്യങ്ങൾ,കൗമാരങ്ങൾ നമ്മിൽനിന്ന് നഷ്ടപ്പെടുന്നു.മദ്യവും,മയക്കമരുന്നും ആനന്ദവും ആഹ്ലാദവും തരുന്നു എന്നാണ് ഇന്നത്തെ തലമുറയുടെ ധാരണ.എന്നാൽ അത് തെറ്റാണ്.നാം ഇതിലൂടെ നമ്മെ തന്നെ അല്ലേ വഞ്ചിക്കുന്നത്?

മദ്യപാനം എന്നത് സമൂഹത്തിൽ എല്ലാവരുടെയും മുൻപിൽ ഒരു ഉയർച്ച നൽകുന്നു എന്നാണ് ഇന്നത്തെ കൗമാരക്കാരുടെ പ്രതികരണം.എന്തിനാണ് നാം മദ്യപിക്കുന്നത് നമ്മിൽ വച്ച് തന്നെ നമ്മുടെ ആത്മാവിനെ കൊല്ലുവാൻ വേണ്ടിയാണോ?ഇന്ന് നമ്മുടെ സമൂഹത്തിൽ സ്കൂളിലെ കുട്ടികളുടെ എണ്ണം എടുത്താൽ അവരിൽ ഭൂരിഭാഗവും മദ്യത്തിനും,മയക്കമരുന്നിനും അടിമയായവർ ആയിരിക്കും.ഇവയെല്ലാം ഒഴിവാക്കി ഒരു നല്ല ജീവിതം നയിക്കാൻ ഇന്നത്തെ ബാല്യങ്ങൾക്കോ,യുവാക്കൾക്കോ സാധിക്കുന്നുണ്ടോ? സമൂഹത്തിന്റെ വലിയ പോരായ്മയാണ് മദ്യവും മയക്കമരുന്നും.ഇതുകൂടാതെ നവമാധ്യമങ്ങളുടെ സ്വാധീനവും ഇന്നത്തെ തലമുറയിൽ നമുക്ക് കാണാനായി സാധിക്കും.'പ്രഭാതം പകലിന്റെ സ്വഭാവം വ്യക്തമാക്കുന്നതുപോലെ മനുഷ്യപ്രകൃതം ശൈശവത്തിൽ പ്രതിഫലിച്ചിരിക്കുന്നു'എന്ന് മിൽട്ടൻ പറയുന്നു.എന്നാൽ ഇന്നത്തെ തലമുറയിൽ ശൈശവത്തിൽ നിന്ന് ബാല്യത്തിലേക്ക് കടക്കുമ്പോൾ തന്നെ കുട്ടി മദ്യത്തിനും,മയക്കമരുന്നിനും അടിമയാകുന്നു.വളർന്നുവരുന്ന

**തലമുറയെ കവർന്നെടുക്കുന്ന ചെകുത്താനാണ് മദ്യവും മയക്കുമരുന്നും.**

**വളർന്നുവരുന്ന തലമുറയ്ക്ക് ഒരു കോട്ട എന്നപോലെ പരിവർത്തിച്ചിരിക്കയാണ് ഈ ദുശീലങ്ങൾ.അവയിൽനിന്ന് നാം അകന്നുനിൽക്കണം.മദ്യപാനവും മയക്കുമരുന്നുപയോഗവും,വിഷം വഹിക്കുന്ന ഹീനമായ ശീലങ്ങൾ,അവ നമ്മുടെ ജീവിതത്തിൽനിന്ന് ഒഴിവാക്കുക.ജീവിതമെന്ന അനുഗ്രഹത്തെ നശിപ്പിക്കാതെ സൂക്ഷിക്കുക.ലഹരിമരുന്നുകൾക്ക് അടിമയാകാതെ,ജീവിതം നരകമാക്കാതെ,നല്ലൊരു തലമുറയ്ക്കായി പ്രാർത്ഥിക്കാം.**
**വ്യക്തമായ തീരുമാനമെടുത്ത് ലഹരിവസ്തുക്കളിൽ നിന്ന് വിമുക്തരാകൂ.....**

**അനിജ.ജെ.വി 9B**



*കവിത*

# കണ്ണേ......

മെല്ലെ എന്നെ നോക്കി നീ ചിരിച്ചുനിന്നു

മെല്ലെ നിൻെറ കണ്ണിൽ നോക്കി ഞാനുണർന്നു

എത്രകാലമായി കാത്തിരുന്ന പെണ്ണിവൾ

എത്ര രാവിലായി ഓർത്തിരുന്ന പെണ്ണിവൾ

എൻെറ ജീവൻ എന്നിൽ മൂളും നിൻെറ പെണ്ണിവൾ

കടൽക്കരയിലൂടെ നാം കൈകോർത്തുനീങ്ങും

മണലാഴിയിൽ വിരലൂന്നി വിൺവീട് പണിയും

പ്രേമത്തിൻ പനിനീർപ്പൂ പൂമുഖത്ത് വിടരും

അതിൽ നിന്നൊരു പൂ നിൻ മുടിയിൽ ചൂടും

ഇരുകണ്ണുകൾ പീലി വിടർത്തി മയൂഖമായി

ഇരുശംഖുകൾ ചേർന്നു നാദം പ്രണയ ഗീതമായ്

കവിളുകൾ കവിളിലുരുമ്മി ഹൃദയാർദ്രമായ്

നമുക്കിനിയും ചേരാനായ് പകലുകൾ

വെൺപകലുകളായ്.....!

ജോസ്ന ജസ്റ്റിൻ 10B



# മലയാളഭാഷയുടെ പ്രാധാന്യം വ്യക്തമാക്കുന്ന വരികൾ

**മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ**
**മർത്ത്യന് പെറ്റമ്മ തൻ ഭാഷതാൻ**
**മാതാവിൻ വാത്സല്യ ദുഗ്ധം നുകർന്നാലേ**
**പൈതങ്ങൾ പൂർണ്ണവളർച്ച നേടൂ**
**വള്ളത്തോൾ**

**വാരിധി തന്നിൽ തിരമാലകളെന്നപോലെ ഭാരതീ**
**പദാവലി തോന്നേണം കാലേ കാലേ**
**എഴുത്തച്ഛൻ**

**ഭടജനങ്ങൾ നടുവിലുള്ളൊരു**
**പടയണിക്കിഹ ചേരുവാൻ**
**വടിവിയന്നൊരു ചാരു കേരള**
**ഭാഷതന്നെ ചിതം വരൂ.....**
**കുഞ്ചൻ നമ്പ്യാർ**

**ആറു മലയാളിക്കു നൂറു മലയാളം**
**അര മലയാളിക്കുമൊരു മലയാളം**
**ഒരു മലയാളിക്കും മലയാളമില്ല....**
ഹിമ.ഐ 10C

//////////////////////////////////

# Some Proverbs

Always remember that the future comes one day at atime.

I don't know what the future may hold ,but I do know who holds the future.

A false friend is more dangerous than an open enemy

A friend in power is a friend lost.

Nobody is forgotten when it is convenient to remember him

Conquer is not to convince

It is better to be a fool than to be dead

GLORIA 10B



*മിനികഥ*

# കയ്യിൽ ഉള്ളതും കിട്ടാനുള്ളതും

അവൻ നേരെ ഇറങ്ങി.എങ്ങോട്ടോ എന്നില്ലാതെ...... വെട്ടിപ്പിടിക്കാൻ.....പിടിച്ചെടുക്കാൻ.....
പുറത്ത് പുറംലോകത്ത് എന്തോ ഉണ്ടെന്ന അവന്റെ ഉള്ളിലെ ചെറിയ കനൽ വലുതായി. അത് ഒരു തീജ്വാല പോലെ ജ്വലിച്ചു.

കയ്യിലുള്ള ചെറിയ പൈസകൾ അവന്റെ വയറ് നിറച്ചില്ല......
ദാഹം ശമിപ്പിച്ചില്ല. പടിഞ്ഞാറ് അസ്തമയ സൂര്യൻ അവനെ നോക്കി ചിരിച്ചു കടന്നുപോയി.

വീട്ടിലെ കണ്ണുകൾ അവനെ തേടി.

അവന്റെ ഉള്ളിലെ കനൽ, വിശപ്പിന്റെ ആഴം തേടി.

അവന്റെ നോട്ടം പിന്നെ ഒരു പിടി അന്നം തേടി ആയി....

ദൂരെ മാറി ഒരു വീട്ടിൽ ഒരു വിളക്ക് എരിയുന്നത് അവൻ തീഷ്ണതയോടെ നോക്കി. വീട്ടിൽ ആളും അനക്കവുമില്ല. എന്തോ അവന്റെ ഉള്ളിൽ, അതോ ഇത്ര നേരത്തെ ഉറങ്ങിയോ ഇവർ; വീട് മൊത്തം കറങ്ങി
അടുക്കള വാതിൽ എങ്ങനയോ അവൻ തുറന്നു. സമയം ഏകദേശം എട്ടുമണി ആയിക്കാണും എന്ന് അവൻ ഊഹിച്ചു.എല്ലാവരും നല്ല ഉറക്കം,

അവൻ പിന്നെ ഒന്നും നോക്കാതെ കരിപിടിച്ച് വക്ക പൊട്ടിയ ചെമ്പിൽ നിന്നും ബാക്കിയുള്ള കഞ്ഞി ആർത്തിയോടെ
തിന്നുതീർത്തു.ഇതുവരെ ഇല്ലാത്ത പുഞ്ചിരി അവന്റെ മുഖത്തു വിടർന്നു.

അവൻ ആ വീട് വിട്ട് ഇറങ്ങി നടന്നുതുടങ്ങി. ഇന്നലെ കിടന്ന പാലം ലക്ഷ്യമാക്കി..... കിതപ്പ് കൂടിവന്നു, ദാഹം കൂടി വന്നു, തൊണ്ട വരണ്ട് തുടങ്ങി,ആ കൊടുംതണുപ്പിലും അവൻ വിയർത്തുകുളിച്ചു.

അതു വരെ നടന്ന കാര്യം എല്ലാം അവൻ അവിടെ കിടന്ന് ആലോചിച്ചു.എണീക്കുവാൻ ശ്രമിക്കുന്ന, അവൻ മാനത്തേക്കി നോക്കി. അസ്തമയ സൂര്യന്റെ പുഞ്ചിരി ആ മാനത്ത് ചന്ദ്രനിലും കാണുന്നു.

തുറക്കാൻ ശ്രമിക്കുന്ന അവന്റെ കണ്ണുകൾ പതിയെ അടഞ്ഞു.

ഗൗതമി.എം.ജെ 10B

--കുട്ടി കവിത --




## ആഴ്ചകൾ

ആഴ്ചക്കേഴ ദിവസങ്ങൾ

മഴവില്ലിൻറെ നിറം പോലെ ;

ഞായർ വന്നാൽ പിന്നലെ

തിങ്കളുമെത്തും ചൊടിയോടെ

ചൊവ്വ പിറക്കും ചിരിയോടെ

ചൊവ്വിൽ ബുധനും വന്നീടും

വ്യാഴം പോയിക്കഴിയുമ്പോൾ

തുള്ളിത്തുള്ളി വെള്ളിവരും

ഏറ്റവുമോടുവിൽ ശനിയെത്തും

ഇങ്ങനെയേഴ ദിവസങ്ങൾ



ജിഷ ഷാബു.എസ് 9C

*കഥ*

# വിധി

ദൂരെനിന്ന് കുറുക്കന്റെ ഓരിയിടൽ തവളകളുടെ നിർത്താത്തവിളി, അയാൾ ഉറങ്ങിത്തുടങ്ങി. ഉറക്കത്തിൽ എവിടെ നിന്നോ വന്ന സ്വപ്നം കെട്ടുകഥയല്ല. യാഥാർത്ഥ്യമായിരുന്നു. തെളിഞ്ഞ ആകാശത്തിൻ കീഴെ പ്രശാന്തമായ ഒരു ആകാശം.രാജു തന്റെ കുടുംബത്തോടൊപ്പം വിനോദയാത്രയ്ക്ക് പോവുകയാണ്. മക്കൾ രണ്ടും റെഡി. രാജുവും ഭാര്യയും പോകുവാൻ തയ്യാറെടുത്തു.

അങ്ങനെ സന്തോഷകരമായ യാത്ര. ഈ സന്തോഷത്തിനിടയിൽ അവരറിഞ്ഞില്ല ഒരു ദുരന്തം അവരെ കാത്തിരിപ്പുണ്ടെന്ന്. എതിരെ വന്ന ലോറി അവർ സഞ്ചരിച്ച വാഹനത്തെ ഇടിച്ചുതെറിപ്പിച്ചു. നിസ്സാരമായ പരിക്കുകളോടെ രാജു രക്ഷപെട്ടു. ചുറ്റും തിരഞ്ഞ രാജു കണ്ടത് ജീവനില്ലാത്ത മൂന്ന് ശരീരങ്ങളായിരുന്നു. അയാൾക്ക് തന്റെ കണ്ണുകൾ വേണ്ടായെന്ന് തോന്നിപ്പോയി. എങ്ങെന്നില്ലാതെ അയാൾ അലഞ്ഞു. നിർത്താതെ പെയ്യുന്ന മഴപോലെ കണ്ണിൽ നിന്നും കണ്ണുനീർ വീണുകൊണ്ടിരുന്നു. പെട്ടെന്ന് അയാളെ ഒരുകാറ്റ് തട്ടിയുണർത്തി അപ്പോഴും അയാളുടെ ഹൃദയം നുറുങ്ങുകയായിരുന്നു. സ്വന്തം പേരു തന്നെ ഇന്നയാൾ മറന്നു. എന്നാൽ മറക്കാത്ത ഓർമ്മയായി ആ ദുരന്തം അയാളെ പിൻ തുടർന്നു.

ആനി.എസ് 9B

*കവിത*



# മഴ മനസ്സ്

**ഗ്രീഷ്മത്തിൻെറ ഉച്ചിയിൽ**
**ഞാൻ വെന്തുരുകും അപ്പോൾ**
**നീയെന്ന കുഞ്ഞു മൺകൂനയെ**
**ഞാനാദ്യം കാണുകയായ്.**

**ആർദ്രമേഘങ്ങൾ നെഞ്ചിൽ വാരി വിതറിയും**
**ഉമ്മകളുടെ പെരുമഴയായി**
**ഞാനതിനെ നിന്നിലേക്ക് ചൊരിഞ്ഞു.**
**കുസൃതിയും പഠനവും**

**സ്നേഹവും കളിചിരിയുമായി**
**ആനന്ദ മഴ നനഞ്ഞ്**
**ചെറുകുന്നായി വളർന്നുകൊണ്ടിരുന്ന**
**നിൻെറ ഭുവകയിൽ നിറയെ**

**എൻെറ പേരായിരുന്നു;**
**വാൽസല്യ മഴയെ വേണ്ടുവോളം**
**നിന്നിലേക്കൊഴുക്കിയാണു**
**ഞാനിതിനു പകരം ചെയ്തത്.**

**അപ്രതീക്ഷിത തീക്കാറ്റ്**
**നമ്മളെ വേർപെടുത്തിയപ്പോഴും**
**എൻേറാർമ്മകൾ ഹൃത്തടത്തിൽ**
**നീ തന്നേച്ചുപോയ സ്നേഹത്തിൻെറ**
**പച്ചത്തുരുത്തുണ്ടായിരുന്നു.**

വളർന്നു പർവ്വതമായി നിൽക്കുന്നിടത്ത്
തെളിനീരൊഴുകി ഞാൻ നനച്ച
മൺതിരി പോലുമില്ലന്നറിഞ്ഞതിൽ
സങ്കടമൊട്ടുമില്ല
മഴ തിരിച്ചൊന്നും പ്രതീക്ഷിക്കാറില്ലല്ലോ.....

ജിൻസി.ബി.ഡബ്ലിയു 10B



*കഥ*

# രക്ഷിക്കുന്ന ദൈവം

ജീർണിച്ച ഓലമടഞ്ഞ ഒരു വീട്. ചെറിയ ഒരു മെഴുകുതിരിനാളത്തിൻെറ പ്രകാശം.....ശക്തമായ കാറ്റും മഴയും അയാളെ അസഹ്യപ്പെട്ടുത്തിക്കൊണ്ടിരുന്നു . ഘോരമായ മഴയിൽ അയാളുടെ മുന്നോട്ടുള്ളയാത്രയെ തടസ്സപ്പെട്ടുത്തി. ഓലമേഞ്ഞ വീടിൻെറ ഉള്ളിലേക്കു നോക്കി.....അമ്മയും മകളും ചെറിയപ്രകാശത്തിൽ പ്രാർത്ഥനാമന്ത്രങ്ങൾ ഉരുവിടുന്നു.ആ മനുഷ്യൻ അവരോടു ചോദിച്ചു.ഈ ഭവനത്തിലെ വാസം നിങ്ങൾക്ക് എങ്ങനെ സാധ്യമാകുന്നു പുഞ്ചിരിക്കുന്ന മുഖവുമായി അവൾ പറയുവാൻ തുടങ്ങി......

ദൈവം നമ്മെ സംരക്ഷിക്കുന്നത് നാം ദൈവത്തെ സ്നേഹിക്കുന്നതു കൊണ്ടല്ല മറിച്ച് ദൈവം നമ്മെ സ്നേഹിക്കുന്നതു കൊണ്ടാണ്. നമ്മെക്കൊണ്ട് ആവശ്യമുള്ളതുകൊണ്ടും ദൈവത്തിൻെറ മകളായതുകൊണ്ടും പ്രതികൂലതയിലും ദൈവം നമ്മെ അതിശയകരമായി കരുതുന്നു. ദൈവത്തിൻെറ ചിറകിൻ കീഴിൽ നമ്മെ കാക്കുന്നു. ഈ ദൈവത്തോടു പ്രാർത്ഥിക്കുമ്പോൾ നമ്മുടെ വിഷമവും ദു:ഖവും കണ്ണുനീരും മാറും.നിരാശനായി നടന്നിരുന്ന മനുഷ്യൻ പെൺകുട്ടിയുടെ ഈ വാക്കുകൾ ദൈവത്തിങ്കലേക്ക് തിരിഞ്ഞ് അന്വോഷിക്കാൻ തുടങ്ങി.

സൂര്യ സുരേഷ്.എസ് 9C



*ജനറൽ ക്വിസ്*

# ചോദ്യങ്ങൾ

- മനുഷ്യശരീരത്തിൽ കോശങ്ങളിലുള്ള ക്രോമസോമുകളെത്ര ?
- സ്പൈറോഗൈറ എന്ന സസ്യത്തിൽ ഹരിതകണത്തിന്റെ ആകൃതി ?
- എറിയുന്ന നാലിനങ്ങളിൽ വനിതകൾ പങ്കെടുക്കാഞ്ഞ മത്സരം ഏത് ?
- ഏത് സംസ്കാരത്തിലാ ഡോട്ട് രീതിയിൽ ആദ്യമായി സംഖ്യകളെ പ്രതിനിധീകരിച്ചത് ?
- ഒരു കടയിൽ ഭൗതികശാസ്ത്രത്തിന്റെ നാല് പുസ്തകങ്ങളും രസതന്ത്രത്തിന്റെ അഞ്ച് പുസ്തകങ്ങളുമുണ്ട്. ഇതിലേതങ്കിലും ഒരു പുസ്തകം ഒരാൾക്ക് എത്ര രീതിയിൽ വാങ്ങാം ?
- 1771 മുതൽ 1770 വരെ ഡൽഹിയിൽ പരമോന്നത സ്വേച്ഛാധികാരി ആരായയിരുന്ന
  കാൽസ്യത്തിന്റെ പ്രധാന ദാതുകൾ കാണപ്പെടുന്ന വിവിധ രൂപങ്ങളേവ ?
- ഒരു റേഡിയോ ടെലിസ്കോപ്പിൽ നിന്നും പുറപ്പെടുന്ന തരംഗ ദൈർഘ്യത്തിന് 20 m. തരംഗദൈർഘ്യവും 3**10*8 km/s വേഗതയും ഉണ്ട്. അതിന്റെ ആവൃത്തി എത്ര ?
- റെഡ് ഇൻഡ്യയിൽ കൊണ്ടുവന്ന വെള്ളക്കാരനായ റിച്ചാർഡ് ഹാരിസ് അഭിനയിച്ചത് ഏത് ചലച്ചിത്ര പരമ്പരയിൽ ?
- ഇന്ത്യയുടെ ഭൂപടം തയ്യാറാക്കുന്ന സംഘടന ഏത് ?
- ഒരു കച്ചവട സ്ഥാപനത്തിനുവേണ്ടി യന്ത്രസാമഗ്രഹികൾ മാറ്റി വാങ്ങുന്നതിനുള്ള ചിലവ് ഏതുപയോഗത്തിൽപ്പെടുന്നു ?
- പ്രാചീനകാലത്തെ ഏഴ് അത്ഭുതങ്ങളെ വരച്ച ഗ്രീക്ക് കവി ?
- കടൽതറ ഭൂഖണ്ഡങ്ങളെയും വഹിച്ചുകൊണ്ട് ചലിക്കുന്നതായി പ്രസ്താവിക്കുന്ന സിദ്ധാന്തം ?
- ഗാലീസ് യുദ്ധക്കപ്പലായി ഉപയോഗിച്ച രാജ്യം ?

- എല്ലാ രൂപങ്ങളും പൊതുവെയുള്ള രൂപങ്ങളാണെന്ന് ഏത് സിസ്റ്റത്തിലാണുള്ളത് ?

# ഉത്തരങ്ങൾ

- 46 എണ്ണം (23 ജോഡി)
- റിബണിൻെറ ആകൃതി
- ഹാമർത്രോ
- ചീന
- 4+5=9
- നജീബ ഖാൻ
- ചുണ്ണാമ്പുകല്ല്, മാർബിൾ, ചോക്ക്, കടൽകക്ക, പവിഴപ്പുറ്റ്
- 1.5*10*9
- എ മോൻ കാൾഡ് ഫോഴ്സ്
- സർവ്വേ ഓഫ് ഇന്ത്യ
- ഇടത്തരം ഉപഭോഗം
- സിഡോണിലെ ആൻറിപെറ്റർ
- സി–ഫ്ളോർ സ്പ്രെഡ് തിയറി
- ഗ്രീക്കുകാർ
- ട്രൈക്ലീനിക് സിസ്റ്റത്തിൽ



ആതിര 8B

കവിത

# മയിൽ

മാമലയിലും മാമരക്കൊമ്പിലും
ഇളമഴയിലും ഇളമഞ്ഞിലും
ചില്ലയിലും അല്ലിയിലും
പാറിനടക്കും മയിലമ്മേ

നിൻെറ വർണ്ണവും ഈപകിട്ടും
നൽകീടാമേ നീയെനിക്ക്

സ്വർഗ്ഗപിതാവാം ദൈവംതന്നൊരു
നന്മയാണീ വർണമെല്ലാം
കാത്തുവയ്ക്കും ഞാനെൻെറ
അവസാനം വരെ
വാഴ്ത്തും ഞാനവനെ എന്നും...

ഹരികൃഷ്ണ 8B



*കഥ*

# വെളിച്ചം പകർന്ന് മിന്നാമിന്നി



തണുപ്പ് കോരിച്ചൊരിയുന്ന രാത്രിയിൽ പാവം മിന്നാമിന്നി അവളുടെ വെളിച്ചവുമായി പറന്നു നീങ്ങി. ശരീരമാകെ മരവിപ്പിക്കുന്ന തണുപ്പ് അവളെ ക്ഷീണിപ്പിച്ചു. അവൾ വിറച്ച് വിറച്ച് പറന്നു. അതാ അകലെ നിന്നൊരു കുഞ്ഞിക്കിളി പറന്നു വരുന്നു. മിന്നാമിന്നിയോട് ആ കുഞ്ഞിക്കിളി ചോദിച്ചു.എന്തിനാ, നീ ഇത്ര കഷ്ടപ്പെട്ട് പറക്കുന്നത്.മിന്നാമിന്നി ദീന സ്വരത്തിൽ പറഞ്ഞു. ലോകമെങ്ങും വെളിച്ചം പകരുവാനാണ് ഞാൻ പറക്കുന്നത്.

കുഞ്ഞിക്കിളി പരിഹാസ സ്വരത്തിൽ ചിരിച്ചുകൊണ്ട് പറഞ്ഞു.

**എന്നാൽ നിൻെറ ഈ വെളിച്ചം ലോകത്തിന് ആവശ്യമാണ്. ലോകത്തിന് തൻെറ വെളിച്ചം പകരാൻ കഴിഞ്ഞല്ലോ. ഇതിൽ പരം സന്തോഷം മറ്റൊന്നില്ല. തൻെറ ജീവിതം ധന്യമായി. മിന്നാമിന്നി സന്തോഷത്തോടെ പറന്നു പോയി.**

ദേവി നന്ദന 9A



കവിത

# പ്രാവ്

സമാധാനത്തിൻ ചിറകുവിടർത്തി
ലോകമെങ്ങും വെളിച്ചംപരത്തി
പാറുകയായ് അവർ
പറന്നുയരുകയായി

ക്ഷമയാണവരുടെ ലക്ഷ്യം
സമാധാനത്തിൻ പ്രതീകം
പരിശീലിക്കാം നമുക്കും
ഒരു പ്രാവായ് മാറാൻ
എങ്ങും പറക്കാൻ



*കഥ*

# ആരാണ് ശക്തൻ

ഒരു ദിവസം കാറ്റ് ആഞ്ഞു വീശി ഭൂമിയിൽ നിന്ന് പിടിവിട്ട് വിഴുമെന്ന് കണ്ട ഒരു മരം പറഞ്ഞു .ഈ കാറ്റിന് എന്തൊരു ശക്തിയാ? ഇത് കാറ്റ് കേട്ട കാറ്റിന് സന്തോഷമായി. കാറ്റ് പറഞ്ഞു അതേ ഞാൻ ശക്തൻ തന്നെ എന്നെ തോൽപിക്കാൻ ആരുണ്ട് ? സൂര്യൻ ഇതു കേട്ട് ഒന്ന് ചിരിച്ചു .എന്നിട്ട് സൂര്യൻ പറഞ്ഞു നമുക്കൊന്ന് മത്സരിച്ചാലോ ?കാറ്റും വിട്ടുകൊടുത്തില്ല എന്നാണ് മത്സരം .

സൂര്യൻ പറഞ്ഞു ......ദാ ....പോകുന്ന ആളുടെ കോട്ട് ഊരിക്കണം .....അത്രയെ ഉള്ളു കാറ്റ് ആഞ്ഞു വീശി .

അയാൾ കോട്ട് ഊരിയില്ല.എന്നാൽ കോട്ടിൻെറ ബട്ടണുകൾ ഊരി...... എന്നിട്ട് സുഖമായി നടന്നു തുടങ്ങി

അപ്പോഴേക്കും സൂര്യൻ കത്തി ജ്വലിച്ചു .........വഴിപോക്കൻ കോട്ട് ഊരി വീശിക്കൊണ്ട് നടന്നു .........സൂര്യൻ തന്റെ ചൂട് കുറച്ചു ഇതു കണ്ട കാറ്റ് തന്റെ അഹങ്കാരമൊക്കെ മാറ്റി മരങ്ങളെ തലോടിക്കൊണ്ട് പതുക്കെ വീശി.

ബ്ലെസ്സി 9A



# ഉണ്ണിയേശു

വെൺമലരുകൾ പാരിൽ
കണ്ൺചിമ്മി തുറന്നു
പാരാകെ വെൺമലരിൻ
തുമന്ദഹാസം വിടർന്നു



മണ്ണിൽ വിടർന്നൊരാ-
സൂനത്തെ തേടി
മൂവർസംഘം യാത്രതിരിച്ചു.
താരകവൃന്ദം വാനിലുദിച്ചു
സദ്വർത്തമാനം മണ്ണിൽ പരന്നു
കാഴ്ചകളർപ്പിച്ചു
മാലാഖവൃന്ദം ആർത്തുപാടി
മാനവവൃന്ദം ചേർന്നുപാടി
മണ്ണിൽ വിടർന്നൊരാ-
സൂനത്തെ തേടി
മാനവവൃന്ദം ചേർന്നുപാടി


# ഓർമ്മിക്കാൻ ചില വരികൾ

" ഒരൊറ്റ മതമുണ്ടുലകിന്നുയരാം പ്രേമം അതൊന്നല്ലോ...
പരക്കെ നമ്മെ പാലമൃതൂട്ടും പാർവണ ശശിബിംബം "
ഉള്ളൂർ S പരമേശ്വരയ്യർ

" വിളക്കു കൈവശമുള്ളവനെങ്ങും വിശ്വം ദീപമയം
വെണ്മമനസ്സിൽ വിളങ്ങീടിന ഭദ്രനു മേന്മേലമൃതമയം "
ഉള്ളൂർ S പരമേശ്വരയ്യർ

" നമുക്കിലുയരാം നടുകിൽതിന്നാം
നൽകുകിൽ നേടീടാം
നമുക്കുനാമേ പണിവതു നാകം
നരകവുമതുപോലെ "
ഉള്ളൂർ S പരമേശ്വരയ്യർ

" അടുത്തു നിൽപോരനുജനെ നോക്കനക്ഷികളില്ലാത്തോർ-
ക്കരൂപനീശ്വര നദൃശനായാല തിലെന്താശ്ചര്യം "
ഉള്ളൂർ S പരമേശ്വരയ്യർ



" സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം "
ഉള്ളൂർ S പരമേശ്വരയ്യർ

.......................................

ജിജ ഷാബു.എസ്.എസ് 8C

കവിത

# ഇവൾ

മഴ ചാറി, പിന്നതൊരു പെരുമഴയായി
പാവമീ പെൺകിടാവിനെ മിഴിയിൽ നിന്നുതിർ
ന്നൊരു കണ്ണുനീർത്തുള്ളി ഒരു മഴയായി.
ഒടുവിലൊരു കണ്ണീർപെരുമഴയായി,
അത് പെയ്തൊഴിയാതായി.

അവൾ എന്നും അറിയാതെ ആശിച്ചു,
പോയിരുന്നു, ഈ മഴയൊന്നു
പെയ്തുതോർന്നിരുന്നെങ്കിൽ
സന്തോഷം നിരസിക്കപ്പെട്ടവൾ,
ബാല്യം നിരസിക്കപ്പെട്ടവൾ, ഇവൾ.



കുറിപ്പ്

# വ്യാഴത്തിൻെറ ചുവന്ന പൊട്ട്




**എന്താണ് ഗ്രേറ്റ് റെഡ് സ്പോർട്ട്?**
**വ്യാഴത്തിൻെറ അന്തരീക്ഷത്തിൽ കാണപ്പെടുന്നതാണ് ഗ്രേറ്റ് റെഡ് സ്പോർട്ട് അഥവാ ചുവന്ന പൊട്ട്.**


**ഏതാണ്ട് 300 കൊല്ലം മുമ്പാണ് ഇത് വാനനിരീക്ഷകരുടെ ശ്രദ്ധയിൽപെട്ടത്. അതെന്താണന്ന് വിശദീകരിക്കാൻ അന്നൊന്നും ആർക്കും കഴിഞ്ഞില്ല.അതിശക്തമായ ഒരു കൊടുങ്കാറ്റാണ് വ്യാഴത്തിൻെറ അന്തരീക്ഷത്തിൽ വീശികൊണ്ടിരിക്കുന്നത് എന്നാണ് ശാസ്ത്രലോകത്തിൻെറ നിഗമനം. എന്നാൽ അതിൻെറ ഉത്ഭവം കണ്ടെത്താൻ ഇനിയും കഴിഞ്ഞിട്ടില്ല.**


**വ്യാഴത്തിൻെറ അന്തരീക്ഷം സദാ ചലിച്ചു കൊണ്ടിരിക്കുകയാണ്. അതിൻെറ താഴത്തെ പാളികൾ പരിശോധിച്ചാൽ അത് നിരവധി ബെൽറ്റുകളായി വേർപെട്ടിരിക്കുന്നതായി കാണാം. ഒന്നിടവിട്ട ബെൽറ്റികളിൽ വാതകങ്ങൾ ഉയർന്നു പൊങ്ങുന്നു.ഇത്തരത്തിലുള്ള ബെൽറ്റുകൾക്കിടയിലാണ് ഗ്രേറ്റ് റെഡ് സ്പോട്ടിന് ഉത്തരവാദിയായ കൊടുങ്കാറ്റ് ആഞ്ഞ് വീശുന്നത്. ഭൂമിയുടെ രണ്ടോ മൂന്നോ വലിപ്പമുണ്ട് ഈ ചുഴലിക്കാറ്റിലെ വാതകപടലത്തിന്.**

**അന്തരീക്ഷത്തിൽ താഴെ തട്ടിൽ നിന്നുയരുന്ന ഒരു രാസപദാർത്ഥത്തിൽ സൂര്യപ്രകാശമേൽക്കുമ്പോഴാണ് അവയുടെ നിറം ചുവക്കുന്നത്. ഏതാണ്ട് ആറു ദിവസത്തിലൊരിക്കൽ അത് അപ്രതീക്ഷിതമായി കറങ്ങുന്നുണ്ട്.**


# കുട്ടികൾ വരച്ച ശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ





**സജിത് 8 B**


Heinrich
Geissler
Discharge Tube


Micheal
Farady
Electrolyis

ലേഖനം

# കാലചക്രം

കാലചക്രത്തിൻെറ കെടുതിയിൽ പെട്ടുഴലുന്ന ലോകത്തിൻെറ നാളത്തെ സംഭാവനകളാണ് ഇന്നത്തെ കുരുന്നുകൾ. ഭൂമി കറങ്ങുന്നതനുസരിച്ച് കാലചക്രവും കറങ്ങുന്നു. കാലം മാറുന്നതിനനുസരിച്ച് മനുഷ്യരും ലോകവും മാറുന്നു. കാലത്തിൻെറ തോരാമഴയിൽ ഒരു ഘടകമായി മനുഷ്യർ ഇണങ്ങിച്ചേരുന്നു. പല പല പ്രശ്നങ്ങൾ കൊണ്ടും തളരാതെ മനുഷ്യർ പുതുജീവിതം തുന്നിപിടിപ്പിക്കുന്നു ഇന്നത്തെകാലത്ത് എന്തിനെന്നറിയാതെ വെള്ളച്ചാട്ടത്തിൽ നിന്ന് ഒരു വഴുതൽ മതി ജീവിതം അതിൻെറ അവസാന കടമ്പ കടക്കാൻ.

ഭൂമിയാകുന്ന ചൂളയിൽ മനുഷ്യരോരോന്നായി വെന്തുഴലുന്ന ഒരു ജീവിതരീതി വന്നു കൊണ്ടിരുന്നു. ആ കാലചക്രത്തെ വരവേൽക്കാനായി മനുഷ്യർ ഓരോ പടിയും കടക്കുന്നു. തങ്ങളുടെ അവസാനകടമകളിലേക്ക് ഭൂമിയേയും മനുഷ്യർ വരവേൽക്കുന്നു. പ്രകൃതിയുടെ മധുരിക്കും ഓർമ്മകൾ തുടച്ചുമാറ്റുകയാണ് വേറൊരു ഘട്ടം. പ്രകൃതിയെ സ്നേഹത്തിൻെറയും സൗഹൃദത്തിൻെറയും വഴികളിൽ നിന്നും തള്ളിക്കളയുന്നു. കാലം നാളെ എങ്ങനെയെന്ന് മനുഷ്യർക്കറിയില്ല. ആ കാലചക്രത്തിൻെറ വിധി നിർണയിക്കുന്നതും മനുഷ്യരാണ്. കാലചക്രം ഉരുണ്ട്കൊണ്ടേയിരിക്കും ആ സമയത്ത് അതിൻെറ ഉരുളൽ നിൽക്കുമ്പോൾ മനുഷ്യൻെറ അവസാന കടമ്പ കടക്കാനും കഴിയും. തുലാവർഷത്തിൽ കാലചക്രം വീണ്ടും ഉണരട്ടെ.

# മഹത് വചനങ്ങൾ

സ്വന്തം മനസു മാറ്റാൻ കഴിയാത്തവർക്ക്
മറ്റൊന്നിലും മാറ്റം വരുത്താൻ കഴിയില്ല -ബർണാഡ് ഷാ

മരിച്ചയുടനെ നിങ്ങൾ മറക്കപ്പെടാതിരിക്കാൻ ഒന്നുകിൽ
വായിക്കാൻ കൊള്ളാവുന്ന വല്ലതും എഴുതുക. അല്ലെങ്കിൽ
എഴുതാൻ കൊള്ളാവുന്നവ പ്രവർത്തിക്കുക -ഫ്രാങ്ക്ലിൻ

ഏതു കാര്യത്തിലും ലാളിത്യം സ്വീകരിക്കുന്നവരെ ദൈവം
ഇഷ്ടപ്പെടും -മുഹമ്മദ് നബി

ദരിദ്രനെ പീഡിപ്പിക്കുന്നവൻ അവന്റെ സ്രഷ്ടാവിനെയാണ്
നിന്ദിക്കുന്നത് -ബൈബിൾ
അഞ്ചു കാര്യങ്ങൾ പൂർണമായ യോഗ്യതയുണ്ടാക്കുന്നു.
ധീരത, ദൃഢത, ദയ, ആത്മാർത്ഥത, ഔദാര്യം -കൺഫ്യൂഷ്യസ്

ശരിയെന്നു ബോധ്യമുള്ള കാര്യം ചെയ്യാതിരിക്കുന്നതാണ്
ഏറ്റവും വലിയ ഭീരുത്വം –അലക്സാണ്ടർ പോപ്പ്




little
KITEs
LMS HSS CHEMBOOR